**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

അത്തോളിയിൽ പെൺകുട്ടിക്ക് മർദ്ദനമേറ്റ സംഭവം

മി. സ്പീക്കർ: അത്തോളിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ മർദ്ദിച്ചതടക്കം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ നടക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ചചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ്, സർവ്വശ്രീ ശ്രീ. കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ശക്തമായ നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. റിപ്പോർട്ട് ചെയ്യപ്പെടുന്നതും പോലീസിന്റെ അറിവിൽപ്പെടുന്നതുമായ എല്ലാ സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തി പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ശാസ്ത്രീയവും

പഴുതടച്ചതുമായ അന്വേഷണമാണ് പോലീസ് നടത്തുന്നത്. കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയെന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറല്ല. പോക്സോ കേസുകളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമകേസുകളും കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് 56 പ്രത്യേക കോടതികൾ നിലവിലുണ്ട്. ഇതിനോടൊപ്പം സമൂഹത്തിലെ അതിക്രൂരമായ സംഭവങ്ങളെത്തുടർന്നുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനുള്ള നോട്ടീസിൽ നാല് സംഭവങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിലെ എല്ലാ കേസുകളിലും പോലീസ് കേസെടുത്ത് അന്വേഷിച്ചുവരികയാണ്. ആലപ്പുഴ തൈക്കാട്ടുശേരി സ്വദേശിനി 19 വയസ്സുകാരിയായ പെൺകുട്ടിയെയും സഹോദരനെയും പൂച്ചാക്കൽ സ്വദേശികളായ ആറുപേർ ചേർന്ന് 07-07-2024-ന് ദേഹോപദ്രവം ചെയ്ത കേസിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനിൽ ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരവും പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ

നിയമപ്രകാരവും ക്രൈം നമ്പർ596/2024 പ്രകാരവും പൂച്ചാക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഡി.വൈ.എസ്.പി.-യുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരികയും ചെയ്യുകയാണ്. കേസിൽ ഉൾപ്പെട്ട രണ്ടുപ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 01-03-2024-ന് കുസാറ്റ് യൂണിവേഴ്സിറ്റി കലോത്സവത്തിനിടെ പെൺകുട്ടിയെ ദേഹോപദ്രവം ചെയ്ത സംഭവത്തിൽ പെൺകുട്ടി ആദ്യം പരാതി നൽകിയിരുന്നില്ല. എന്നാൽ ക്യാമ്പസിലെ മറ്റ് വിദ്യാർത്ഥികളോട് പെൺകുട്ടിയെ മോശക്കാരിയായി ചിത്രീകരിച്ച് മനോവിഷമമുണ്ടാക്കിയെന്ന് 06-07-2024-ൽ പെൺകുട്ടി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 675/2024 പ്രകാരം കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. പെൺകുട്ടി 29-06-2024-ന് നൽകിയ പരാതിയിൽ സർവ്വകലാശാലയുടെ ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റിയും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേരള ക്രിക്കറ്റ് അസോസിയേഷന്റെ തിരുവനന്തപുരത്തെ കോച്ചിംഗ് സെന്ററിലെ പരിശീലകനായിരുന്ന ആൾ 2017 മുതൽ പരിശീലനത്തിനായി എത്തിയ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ ലൈംഗീകാതിക്രമം

നടത്തിയ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ഇന്ത്യൻ ശിക്ഷാനിയമം, പോക്സോ നിയമം എന്നിവയിലെ വിവിധ വകുപ്പുകൾപ്രകാരം ആറ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസിലെ പ്രതി റിമാന്റിലാണ്. സംഭവത്തെക്കുറിച്ച് അറിവ് ലഭിച്ച ഉടൻതന്നെ പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയുണ്ടായി.

കാലടി ശ്രീ ശങ്കര കോളേജിലെ ബിരുദ വിദ്യാർത്ഥിനിയുടെ ഇൻസ്റ്റഗ്രാം അക്കൗണ്ടിൽനിന്നും ഫോട്ടോകൾ ഡൗൺ ലോഡ് ചെയ്ത് ഫേസ്ബുക്കിൽ ഷെയർ ചെയ്ത കാര്യത്തിന് കാലടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 611/2024 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായ രോഹിത് എന്ന ആളുടെ ഫേസ്ബുക്ക് ഐ.ഡിയിൽ നിന്നാണ് ഇത് ഷെയർ ചെയ്തതെന്ന് വെളിവായിട്ടുണ്ട്. 08-07-2024-ന് ഇയാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഫോൺ കസ്റ്റഡിയിൽ എടുത്തിട്ടുള്ളതുമാണ്. മറ്റ് പെൺകുട്ടികളുടെയും ഫോട്ടോകൾ ഇത്തരത്തിൽ ഷെയർ ചെയ്തിട്ടുള്ളതായി വിവരം ലഭിച്ചിട്ടുള്ളതിനാൽ കൂടുതൽ അന്വേഷണം നടത്തിവരുന്നുണ്ട്. ഈ

സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് അറിയിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഒരു സാഹചര്യത്തിൽ ഏറ്റവും അവസാനം അരൂർ പൂച്ചാക്കലിൽ നടുറോഡിൽ ഒരു ദളിത് പെൺകുട്ടിയെ ആക്രമിച്ച ഒരു വിഷയംകൂടി ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് സഭ നിർത്തിവയ്ക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നത്. ഇത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള വളരെ പ്രധാനപ്പെട്ട വിഷയമാണ്. കാലങ്ങളായി ഇത് വർദ്ധിക്കുകയും അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടക്കം തന്നെ ഈ വിഷയം സർക്കാർ ലാഘവത്തോടെയാണ് എടുക്കുന്നതെന്ന് തോന്നുകയാണ്. പോലീസിന്റെ നടപടിയുംകൂടി ഇതിൽ ചർച്ച ചെയ്യണമെന്നുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇതിന്റെ മറുപടി ആവശ്യപ്പെട്ടത്. മുഖ്യമന്ത്രി ഇവിടെ ഹാജരായിട്ടില്ല. എത്ര ലാഘവത്തോടെയാണ് സർക്കാർ ഈ വിഷയങ്ങളെ കാണുന്നതെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണം കൂടിയാണിത്. കുറെ

നാളുകളായി നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള അതിക്രമങ്ങളുണ്ടാകുന്നു. 2022-ൽ 18943 കേസുകളായിരുന്നെങ്കിൽ അത് 2023 ആകുമ്പോഴെക്കും സ്ത്രീകൾക്ക് നേരെ മാത്രം വരുന്ന അതിക്രമങ്ങൾ 18950 കേസുകളായി വർദ്ധിച്ചിരിക്കുകയാണ്. രണ്ട് ദിവസമായി സമൂഹ മാധ്യമങ്ങളിലും വാർത്താ മാധ്യമങ്ങളിലുമെല്ലാം പ്രധാനമായി ചർച്ച ചെയ്യുന്നൊരു വിഷയമാണ് അരൂരിലെ ദളിത് പെൺകുട്ടിക്കുനേരെ നടന്ന അതിക്രമം. തന്റെ സഹോദരനുനേരെ അതിക്രമമുണ്ടായപ്പോൾ ആ പെൺകുട്ടി പോലീസ് സ്റ്റേഷനിൽ പോയി പരാതിപ്പെട്ടതാണ് ഈ പെൺകുട്ടിയെ നടുറോഡിൽവച്ച് ആക്രമിക്കാനുണ്ടായ സംഭവം. ആ പെൺകുട്ടിയോട് അതിക്രമം കാണിക്കുന്ന വീഡിയോ ഉൾപ്പെടെ പോലീസ് സ്റ്റേഷനിൽ ഹാജരാക്കി. ഈ ദൃശ്യം കണ്ടാൽ അതിക്രൂരമായ പീഡനമാണ് നടന്നതെന്ന് നമുക്ക് മനസ്സിലാകുന്നതാണ്. പെൺകുട്ടിയുടെ വസ്ത്രം വലിച്ചഴിക്കുന്നു. ആ കുട്ടിയെ റോഡിലിട്ട് നാഭിക്ക് ചവിട്ടുന്നു, മൂത്രം ഒഴിക്കാൻപോലും സാധിക്കാത്ത രീതിയിൽ ദുരിതം അനുഭവിക്കുകയാണ് ആ പെൺകുട്ടി. എന്റെ അനുഭവം ഇനി ഒരിക്കലും ഒരു കുട്ടിക്കും ഉണ്ടാകരുതെന്ന് ആ പെൺകുട്ടി കരഞ്ഞ് പറയുന്നത് നമ്മൾ

കാണുകയാണ്. എന്നിട്ടും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ പ്രതികൾ എവിടെയാണ്; എന്തുകൊണ്ടാണ് ആ പ്രതികളെ അറസ്റ്റ് ചെയ്യാത്തത്; കാരണം ആ പ്രതികൾ സി.പി.ഐ.(എം)കാരാണ്. തൈക്കാട്ട്ശ്ശേരിയിലെ സി.പി.ഐ.(എം) പ്രവർത്തകനായ ഷൈജുവാണ് ഈ കേസിലെ പ്രധാനപ്പെട്ട പ്രതി. പാർട്ടിക്കാരാണെങ്കിൽ സംരക്ഷിക്കുകയും അവർക്ക് കുടപിടിക്കുകയും ചെയ്യുന്നുവെന്നതാണ് നമുക്ക് ഇവിടെ കാണാൻ സാധിക്കുന്നത്. ആ പെൺകുട്ടി ആശുപത്രിയിൽ ഇപ്പോൾ ചികിത്സയിലാണ്. പ്രതികളെ അറസ്റ്റ് ചെയ്യാൻ തയ്യാറാകണം. അതുപോലെ നിരവധി സംഭവങ്ങളുണ്ട്. കുസാറ്റിൽ ഫെബ്രുവരി 29-ാം തീയതി സിൻഡിക്കേറ്റ് അംഗവും ഇടതുനേതാവുമായ ശ്രീ. പി. കെ. ബേബി കലോത്സവ സമയത്ത് ഗ്രീൻ റൂമിൽ കൊണ്ടുപോയി ഒരു പെൺകുട്ടിക്ക് നേരെ നടത്തിയ അതിക്രമങ്ങൾ, പരാതി കൊടുക്കാതിരിക്കാൻ ആ പെൺകുട്ടിയെ ഭീഷണിപ്പെടുത്തി. ആ പെൺകുട്ടി പാർട്ടിക്ക് പരാതി നൽകുകയും പാർട്ടി ആ പരാതി അന്വേഷിക്കുമെന്ന് കരുതി പെൺകുട്ടി കാത്തിരിക്കുകയും ചെയ്തു. പക്ഷേ അതിൽ അന്വേഷണമുണ്ടായില്ല. അതിനുശേഷമാണ് ആ പെൺകുട്ടി

പോലീസിൽ പരാതി നൽകിയത്. പക്ഷേ ആ പ്രതിയെ പോലീസ് ഇപ്പോഴും സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. പി.കെ.ബേബി ഇടതുപക്ഷക്കാരനായ/ സിൻഡിക്കേറ്റ് അംഗമായ അദ്ദേഹം, കുട്ടികളുടെ ക്ഷേമം ഉറപ്പാക്കേണ്ട ക്ഷേമകാര്യ കമ്മിറ്റിയുടെ ചെയർമാനാണ്. അയാളാണ് ഈ പെൺകുട്ടിക്കുനേരെ ഈ അതിക്രമങ്ങൾ നടത്തിയത്. എന്നിട്ട് എന്ത് നടപടിയാണുണ്ടായത്; ഒരു പെൺകുട്ടിക്കുനേരെ അവിടെയുള്ള ഒരു സിൻഡിക്കേറ്റ് അംഗം ഈ അതിക്രമം കാട്ടിയിട്ട് അദ്ദേഹത്തെ സ്ഥാനങ്ങളിൽനിന്നും നീക്കാനുള്ള എന്തെങ്കിലും കാര്യം ചെയ്യാൻ സാധിച്ചോ; ഇത്തരം വിഷയങ്ങൾ കേരളത്തെ നാണിപ്പിക്കുന്നതാണ്. അതുപോലെതന്നെയാണ് വിദ്യാർത്ഥിനികളുടെ അശ്ലീല ചിത്രങ്ങൾ സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്നതും. വളരെ ക്രൂരമാണ്. ഈ പെൺകുട്ടി പഠിക്കുന്ന കാലടി ശ്രീശങ്കരാ കോളേജിലെ മുൻ എസ്.എഫ്.ഐ. നേതാവ് രോഹിത്താണ് ഈ കേസിലെ പ്രതി. പെൺകുട്ടിയുടെ ഫോട്ടോയെടുത്ത് ഫെയ്സ്ബുക്കിൽ അശ്ലീല ചിത്രങ്ങൾ വരുന്ന പേജിലേയ്ക്കിടുകയാണ് പ്രതി ചെയ്തത്. പെൺകുട്ടികളുടെ ചിത്രമെടുത്തതിന്റെ തെളിവ് സഹിതം പെൺകുട്ടി

പരാതി നൽകി. പക്ഷെ ആ പ്രതിയെ സ്റ്റേഷൻ ജാമ്യത്തിൽ വിടുകയാണുണ്ടായത്. കോളേജിൽനിന്നും പാസ്ഔട്ടായ ആളാണെങ്കിലും ഇയാൾ സ്ഥിരമായി അവിടെ വരികയാണെന്ന് ആ കോളേജിലെ കുട്ടികൾ കംപ്ലയിന്റ് ചെയ്യുകയാണ്. ഭരണ സ്വാധീനത്തിന്റെ, എസ്.എഫ്.ഐ. സ്വാധീനത്തിന്റെ ഭാഗമായി അവിടെവന്ന് പെൺകുട്ടികളോട് ഇത്തരത്തിൽ മോശമായി പെരുമാറുകയും വിദ്യാർത്ഥികളുമായി സൗഹൃദം സ്ഥാപിക്കുകയുമാണ്. സമൂഹമാധ്യമ അക്കൗണ്ടുകളിൽ ഫോട്ടോകൾ മോശം അടിക്കുറിപ്പോടുകൂടി പോസ്റ്റ് ചെയ്യുന്ന വൈകൃത മനസ്സിനുടമയായ ഇയാൾ ഇരുപതോളം പെൺകുട്ടികളുടെ ചിത്രങ്ങളാണ് ഇത്തരത്തിൽ പോസ്റ്റ് ചെയ്തതെന്നാണ് മനസ്സിലാക്കുന്നത്. എത്ര ക്രൂരമാണ് ഈ നാട്ടിലെ സംഭവങ്ങളും കോളേജുകളിൽ പെൺകുട്ടികൾക്കുനേരെ നടക്കുന്ന ഇത്തരം പ്രശ്നങ്ങളും; കേരളത്തിനാകെ അപമാനകരമായ മറ്റൊരു കേസുണ്ടായിരിക്കുന്നു. ക്രിക്കറ്റ് അസോസിയേഷൻ നേതാവ് ക്രിക്കറ്റ് പഠിക്കാൻ പോകുന്ന ചെറിയ പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുകയും ആ കുട്ടികളുടെ അശ്ലീല വീഡിയോ/ഫോട്ടോ ആവശ്യപ്പെട്ടുകൊണ്ട് കുട്ടികൾക്കു നേരെ നടത്തുന്ന

പ്രവർത്തനങ്ങളെക്കുറിച്ചുമുള്ളതാണ്. ഡൽഹിയിലെ ബി.ജെ.പി. എം.പി. ശ്രീ. ബ്രിജ് ഭൂഷണെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അദ്ദേഹം ഗുസ്തിതാരങ്ങൾക്കെതിരെ നടത്തിയ അതിക്രമങ്ങളെപ്പോലും വെല്ലുന്ന രൂപത്തിലാണ് ഈ കേരളത്തിൽ നടക്കുന്നത്. ഈ സാഹചര്യത്തിൽ രക്ഷിതാക്കൾ തങ്ങളുടെ മക്കളെ ഇതുപോലെയുള്ള പരിശീലനത്തിന് എങ്ങനെയാണ് വിശ്വസിച്ച് അയയ്ക്കുന്നത്? എത്രയോ രക്ഷിതാക്കളാണ് തങ്ങൾക്കുള്ളതുമുഴുവനും വിറ്റുപെറുക്കി തങ്ങളുടെ മക്കൾക്ക് താൽപര്യമുള്ള ഇതുപോലെയുള്ള മേഖലകളിലേയ്ക്ക് എത്താൻ വേണ്ടിയുള്ള പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുന്നത്. അവിടെയാണ് ചെറിയ പെൺകുട്ടികളടക്കം അതിക്രമത്തിന് ഇരയാകുന്നത്. അവരുടെ ഫിറ്റ്നസ് കാണിക്കാനായി നഗ്ന ഫോട്ടോ വേണമെന്ന ഇയാൾ ഈ പെൺകുട്ടികളോട് ആവശ്യപ്പെടുകയാണ്. നൽകാത്ത കുട്ടികളെ ക്രൂരമായി മാനസികമായും ശാരീരികമായും ആക്രമിക്കുന്ന തരത്തിലേയ്ക്ക് ക്രിക്കറ്റ് അസോസിയേഷന്റെ നേതാവ് മാറുകയാണ്. അയാൾ ഇപ്പോഴും അവിടെയുണ്ട്. രണ്ടുവർഷംമുമ്പേ ഇയാൾ പോക്സോ കേസിൽ പ്രതിയായി കോടതിക്കുപുറത്ത് ഒത്തുതീർപ്പുണ്ടാക്കിയ ആളാണ്. അന്നും

നടപടിയെടുത്തില്ല. അതിനുശേഷവും ഇയാൾ ഇപ്പോഴും ക്രിക്കറ്റ് അസോസിയേഷനിൽ തുടരുകയാണ്. ഇത്തരം ആളുകൾ ഇതിൽ തുടരാൻ വേണ്ടിയുള്ള സ്വാധീനമെന്താണ്? ഈ പാർട്ടിയിലും ഈ ഭരണ നേതൃത്വത്തിലുമൊക്കെയുള്ള ഈ ആളുകളുടെ സ്വാധീനമാണ് ഇത് കാണിക്കുന്നത്. (ബഹളം) വളരെ ക്രൂരമായ...

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ... ക്രിക്കറ്റ് അസോസിയേഷനെ പറയുമ്പോൾ നിങ്ങളെന്തിനാണ് ഇടപെടുന്നത്. (ബഹളം)

ശ്രീമതി കെ. കെ. രമ: സർ, പിഞ്ചുകുട്ടികൾക്ക് സംരക്ഷണം നൽകുന്നതിൽപോലും ഈ സർക്കാർ ദയനീയമായി പരാജയപ്പെടുകയാണ്. ആ കുട്ടികൾക്കുപോലും സംരക്ഷണം കൊടുക്കാൻ സാധിക്കാത്ത രൂപത്തിലേയ്ക്കാണ് മാറുന്നത്. (ബഹളം) നിങ്ങളുടെ ഉൾപ്പെടെയുള്ള കുട്ടികളാണ് ഇതിൽ വരുന്നത്. (ബഹളം) പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾ ഇതിനെതിരെ രംഗത്ത് വരേണ്ട ആളുകളാണ്. ഇടതുപക്ഷം ഭരിക്കുന്ന നാടാണിത്. നമ്മുടെ നമ്പർ വൺ കേരളത്തിലാണ് ഇതുനടക്കുന്നത്. ആ കേരളത്തിൽ നടക്കുന്ന ഇത്തരം കാര്യങ്ങൾക്കെതിരെ നടപടിയെടുക്കാൻ എന്തുകൊണ്ട് സാധിക്കാതെ

പോകുന്നു? എന്നിട്ട് അതിനെതിരെ ഊറ്റം കൊണ്ടിട്ട് കാര്യമില്ല. എസ്.എഫ്.ഐ.-ക്കാർ കോളേജുകളിൽ കാണിച്ചുകൂട്ടുന്ന അതിക്രമങ്ങൾ, നിങ്ങൾ എസ്.എഫ്.ഐ.-ക്കാരെ ന്യായീകരിക്കുന്നുണ്ടല്ലോ; ഒരുകാലത്ത് എസ്.എഫ്.ഐ. ആയിരുന്ന ആളാണ് ഞാനും. ആ നിലയ്ക്ക് അഭിമാനംകൊണ്ട ആളാണ് ഞാൻ. ഇന്നും അത് പറയും. പക്ഷെ ഇന്ന് എസ്.എഫ്.ഐ.-യിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും കുട്ടികൾക്ക് എസ്.എഫ്.ഐ.-ക്കാരായിരുന്നെന്ന് അഭിമാനത്തോടുകൂടി നാളെ പറയാൻ കഴിയുന്ന സാഹചര്യം ഇന്ന് നമ്മുടെ നാട്ടിലുണ്ടോ; വണ്ടിപ്പെരിയാറിലും വാളയാറിലുമുള്ള കേസിനെ സംബന്ധിച്ച് പറയേണ്ട. ആറുവർഷമായി വാളയാറിലെ ഒരമ്മ, ഒൻപതും പതിമൂന്നും വയസ്സായ തന്റെ രണ്ട് പെൺകുട്ടികൾ കെട്ടിത്തൂങ്ങിയിട്ട്, നീതിക്കുവേണ്ടി നടക്കുകയാണ്. ഈ ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ ആ അമ്മയ്ക്ക് നീതി വാങ്ങിക്കൊടുക്കാൻ കഴിഞ്ഞോ നിങ്ങൾക്ക്. (ബഹളം) വണ്ടിപ്പെരിയാറിലെ ആറ് വയസ്സുള്ള പെൺകുട്ടി.... ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ അവസ്ഥ വളരെ ദയനീയമാണ്. അവർക്ക് സംരക്ഷണം ഒരുക്കണം. അതിലെ പ്രതിയായ അർജ്ജുനെന്നുപറയുന്ന പാർട്ടിക്കാരനെ രക്ഷപ്പെടുത്താനുള്ള

ശ്രമം നടത്തി. ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ സാധിച്ചില്ല. എന്തൊരു ഗതികേടാണ് കേരളത്തിലുണ്ടാകുന്നത്? അതുപോലെ പ്രമുഖ നടി ആക്രമിക്കപ്പെട്ട കേസിൽ, കോടതിയുടെ സേഫ് കസ്റ്റഡിയിലിരിക്കുന്ന മെമ്മറി കാർഡും അതിന്റെ വിവരങ്ങളും പുറത്തുപോകുന്നൊരു നാടായി കേരളം മാറുകയാണ്. ആ പെൺകുട്ടിയുടെ ഇച്ഛാശക്തികൊണ്ടാണ് ഈ കേസ് ഇപ്പോഴും മുന്നോട്ടുപോകുന്നത്. ആ സമയത്ത് ആ പെൺകുട്ടി Women in Cinema Collective എന്ന പേരിൽ നടിമാരുടെ ഒരു സംഘടനയുണ്ടാക്കി. ആ സംഘടന ആ പെൺകുട്ടിക്ക് നൽകുന്ന പിന്തുണയും അവരുടെ പ്രവർത്തനങ്ങളും കൊണ്ടാണ്. സിനിമാ മേഖലയിലുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാൻവേണ്ടി ജസ്റ്റിസ് ഹേമ കമ്മീഷനെ ഈ സർക്കാർ നിയമിച്ചു. 1,06,55,000/- രൂപ ചെലവഴിച്ചുകൊണ്ട് ജസ്റ്റിസ് ഹേമ കമ്മിഷൻ ഒരുവർഷം അന്വേഷണം നടത്തി. 2019 ഡിസംബർ 31-ാം തീയതി ആ റിപ്പോർട്ട് സമർപ്പിച്ചു. നാലുവർഷം കഴിഞ്ഞിട്ടും ആ റിപ്പോർട്ടിലെ കാര്യങ്ങളെക്കുറിച്ച് പരസ്യപ്പെടുത്താൻ സാധിച്ചിട്ടില്ല. ആ ആളുകളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമം. ഇപ്പോൾ വിവരാവകാശ കമ്മീഷൻ ഇടപെട്ട് അത്

പരസ്യപ്പെടുത്തണമെന്ന് പറഞ്ഞിരിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. ഈ കേരളത്തിൽ സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ വളരെ ഗുരുതരമാണ്. ഐ.സി.യു.-യിൽ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നൊരു നാട്. ഇരയുടെ കൂടെനിന്ന ഒരു ഉദ്യോഗസ്ഥയെ സ്ഥലം മാറ്റുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പ്ലീസ്.. കൺക്ലൂഡ്.

ശ്രീമതി കെ. കെ. രമ: സർ, ഒരുമിനിട്ട്. ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ആ ഇരയുടെ കൂടെ നിന്നുവെന്ന ഒരൊറ്റ കാരണത്താൽ ആ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഒരു നഴ്സിനെ ഇടുക്കിയിലേയ്ക്ക് സ്ഥലം മാറ്റുകയാണുണ്ടായത്. (ബഹളം) ഇരയ്ക്കൊപ്പം നിൽക്കുകയും വേട്ടക്കാരനൊപ്പം കിടയ്ക്കുകയും ചെയ്യുകയാണ് ഈ സർക്കാർ. അതാണ് ഈ സർക്കാർ പെൺകുട്ടികൾക്ക് നേരെ നടത്തുന്നത്. അതിക്രൂരമായ അതിക്രമങ്ങളാണ് നമ്മുടെ നാട്ടിൽ പെൺകുട്ടികൾക്കുനേരെയുണ്ടാകുന്നത്. പോക്സോ കോടതിയിൽ പെൺകുട്ടികൾ കയറിയിറങ്ങുകയാണ്. പോക്സോ

കോടതിയിലുള്ള കേസുകളെ സംബന്ധിച്ച് അന്വേഷിക്കണം. പോക്സോ കോടതികൾ വഴി ഇരയായ പെൺകുട്ടികൾക്ക് നഷ്ടപരിഹാരം നൽകണം.

മി. സ്പീക്കർ: 10 മിനിട്ട് കഴിഞ്ഞു. പ്ലീസ്... പ്ലീസ്... കൺക്ലൂഡ് ചെയ്യണം.

ശ്രീമതി കെ. കെ. രമ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. അതുപോലെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയാൻ അതിവേഗ സ്പെഷ്യൽ കോടതികൾ സ്ഥാപിക്കാൻ സർക്കാർ തയ്യാറാകണം. നിയമപരമായി ശിക്ഷിക്കപ്പെടാത്തതുകൊണ്ടാണ് കേസുകൾ കൂടുന്നത്. പ്രതികൾക്ക് സംരക്ഷണമൊരുക്കുന്നതുകൊണ്ടാണ് ഈ നാട്ടിൽ ഇത്തരത്തിലുള്ള കേസുകൾ വർദ്ധിച്ചുവരുന്നത്. അതുകൊണ്ട് അതിവേഗ സ്പെഷ്യൽ കോടതി സ്ഥാപിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വളരെയധികം വിവാദമായ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യാൻ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രസ്തുത വിഷയവുമായി ശ്രീമതി ദെലീമ ഒരു നോട്ട് നൽകിയിട്ടുണ്ട്.

ശ്രീമതി ദെലീമ: സർ, എന്റെ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരിയിലാണ് ഈ പ്രശ്നം നടന്നത്. ഈ പ്രശ്നം നടന്ന ഉടൻതന്നെ എസ്.പി.-യെയും ഡിവൈ.എസ്.പി-യെയും അറിയിക്കുകയും പോലീസ് കേസെടുക്കുകയും ചെയ്തു. ഈ സംഭവത്തിൽ  ഇടതുപക്ഷ സർക്കാർ വളരെയധികം വിഷമിക്കുന്നുണ്ട്. ഒരു കുട്ടിയെ നടുറോഡിലിട്ട് തല്ലുകയെന്നുപറഞ്ഞാൽ അത് രാഷ്ട്രീയവത്കരിക്കേണ്ട കാര്യമല്ല. നമ്മുടെ കുഞ്ഞല്ലേ, ആ കുട്ടിക്കെന്തെങ്കിലും ആപത്തുണ്ടായതിൽ.... നമ്മുടെ സംസ്ഥാന സർക്കാർ അതിനെതിരെ എങ്ങനെ പോകാനാണ്? ഒരു പെൺകുട്ടിയെ സംരക്ഷിക്കാത്ത നിലപാട് സംസ്ഥാന സർക്കാർ സ്വീകരിക്കുമോ?  ഇതിനെയെന്തിന് രാഷ്ട്രീയവത്കരിക്കണം?

മി. സ്പീക്കർ: യെസ്..പ്ലീസ്... പ്ലീസ്...പ്ലീസ്... അങ്ങ് കൺക്ലൂഡ് ചെയ്യൂ. (ബഹളം)

ശ്രീമതി ദെലീമ: സർ, ഈ പ്രവണത കേരളത്തിലൊരിടത്തും നടക്കാൻ പാടില്ല. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ അതിനെ ഞങ്ങൾ അപലപിക്കുന്നു. ഈ സംഭവത്തെ പൊതുവൽക്കരിച്ച്, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിരന്തരം ആവർത്തിക്കുന്ന ഇത്തരം സംഭവങ്ങളോടുചേർത്ത് കേരളത്തെ കൂട്ടിക്കെട്ടാനും

സംസ്ഥാനത്തെ അപകീർത്തിപ്പെടുത്താനുള്ള ഹീനശ്രമങ്ങൾ നമ്മൾ തിരിച്ചറിയപ്പെടേണ്ടതായിട്ടുണ്ട്. ഈ സംഭവത്തിൽ വളരെയധികം വേദനിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാന സർക്കാർ ഇതിൽ കേസെടുത്തിട്ടുണ്ട്. നടപടിയെടുക്കാനേ സാധിക്കൂ. ഇതിൽ സി.പി.ഐ.(എം.)-ന് ഒരു ബന്ധവുമില്ല. (ബഹളം)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ചർച്ച ചെയ്യുന്നതിന് സഭനിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട വിഷയം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചതാണ്. ഇതുസംബന്ധിച്ച് ഒരു കാര്യം അസന്നിഗ്ദ്ധമായി ഉറപ്പിച്ചുപറയാൻ ആഗ്രഹിക്കുകയാണ്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമം നടത്തുന്ന ഒരാളെയും സംരക്ഷിക്കില്ല എന്ന നിലപാടണ് സർക്കാരിന്റേത്. മുഖം നോക്കാതെ നടപടിയെടുക്കും. ബഹുമാനപ്പെട്ട അരൂർ അംഗത്തിന്റെ മണ്ഡലത്തിലാണ് ഇവിടെ പരാമർശിച്ച കേസ്. അതിൽ പോലീസ് കേസെടുക്കുകയും രണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രമേയ അവതാരകയ്ക്ക് അന്വേഷിക്കാം, പ്രദേശികമായി

സി.പി.ഐ.(എം.) പാർട്ടി ഒരു കാരണവശാലും പ്രതികളെ പിന്തുണയ്ക്കുന്നില്ല. നടപടിയെടുക്കണമെന്ന നിലപാടാണ് സ്വീകരിക്കുന്നത്. പോലീസ് പോലീസിന്റേതായ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് രണ്ടുപ്രതികളെ അറസ്റ്റുചെയ്തത്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ 29-6-2024-ലാണ് യൂണിവേഴ്സിറ്റിക്ക് പരാതി ലഭിക്കുന്നത്. Internal Complaints Committee-ക്ക് ഈ പരാതി കൈമാറി. ആ പരാതിയിന്മേലുള്ള Internal Complaints Committee യുടെ അന്വേഷണം ഏകദേശം അവസാനഘട്ടത്തിലാണ്. ഈ ദിവസങ്ങളിൽ റിപ്പോർട്ട് വരും. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല നടപടി സ്വീകരിക്കും. 6-7-2024-ലാണ് പെൺകുട്ടിയുടെ പരാതി പോലീസിന് ലഭിച്ചത്. ആ പരാതിയിന്മേലുള്ള അന്വേഷണം പോലീസ് നടത്തുകയാണ്. കേരള ക്രിക്കറ്റ് അസോസിയേഷനിലെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. ബ്രിജ് ഭൂഷണിന്റെ കേസിൽ സ്വീകരിച്ച നിലപാടല്ല അക്കാര്യത്തിൽ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചത്. അയാളെ അറസ്റ്റുചെയ്തു. അയാൾ റിമാൻഡിലാണ്. അയാൾക്കെതിരെ 6 കേസുകൾ

രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുമാത്രമല്ല ഏറ്റവും അവസാനം സൂചിപ്പിച്ച കാലടി സർവ്വകലാശാലയുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയത്തിൽ ആ വ്യക്തിയെ അവിടെ സ്വീകരിക്കുകയോ പൂമാലയിടുകയോ അല്ല അറസ്റ്റ് ചെയ്യുകയാണ് ചെയ്തത് ഈ പർട്ടിക്കുലർ കേസിൽ മാത്രമല്ല, അയാൾ ഇതിനുമുമ്പ് അങ്ങനെ ചെയ്തിട്ടുണ്ടോയെന്ന കാര്യംകൂടി അന്വേഷിക്കുന്നുണ്ട്. ഞാനതിലേയ്ക്ക് വരാം. ആര് സംരക്ഷിച്ചു, ആര് സംരക്ഷിച്ചിട്ടില്ല എന്നുള്ള കാര്യങ്ങളിലേയ്ക്ക് വരാം. ഈ കാലഘട്ടത്തിൽ കേരളത്തിലുണ്ടായ മാറ്റം നമ്മൾ കാണണം. നമ്മുടെ പോലീസ് സ്റ്റേഷനുകൾ ആർക്കും ഏതുസമയവും ആശ്രയിക്കാവുന്ന പ്രശ്നപരിഹാരത്തിന് നിർഭയം കടന്നു ചെല്ലാവുന്നയിടങ്ങളായി മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് അവ വനിതാസൗഹൃദവും ശിശുസൗഹൃദവുമായി മാറിയത്. 14 വനിത പോലീസ് സ്റ്റേഷനുകളിന്ന് സംസ്ഥാനത്തുണ്ട്. ഓരോ പോലീസ് ജില്ലയിലും വനിത സെല്ലുകളുണ്ട്. പോക്സോ കോടതികൾ ഉൾപ്പെടെയുള്ളവയുടെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസും കൂടി നടത്തിയ ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിൽ കേസുകൾ വേഗത്തിലാക്കാൻ

വേണ്ടി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 56 പോക്സോ കോടതികൾ അനുവദിച്ചു. ഒരു കുഞ്ഞ് ഏഴോ എട്ടോ വയസ്സിൽ കടന്നു പോകുന്ന അതിദാരുണ അനുഭവങ്ങൾ പത്തൊൻപതോ ഇരുപതോ വയസ്സിനുശേഷം ഒരു കോടതിയുടെ മുമ്പാകെ ചെന്നുനിന്ന് ഓർത്തെടുക്കുന്നത് വീണ്ടുമുള്ള പീഡനത്തിന് തുല്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ പോക്സോ കോടതികളുടെ എണ്ണം കൂട്ടിയത്. അതിൽ ഇരകൾക്ക് കോടതി മുറികളിൽ പോകേണ്ടതില്ല. വീഡിയോ കോൺഫറൻസിംഗിലൂടെ ഓൺലൈനായി ഹാജരായാൽ മതി. പ്രതിയെ വീണ്ടും മുഖാമുഖം കാണുന്ന സാഹചര്യമുണ്ടാകരുതെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതുകൊണ്ടാണ് ആ രീതിയിലുള്ള കോടതികൾ സംസ്ഥാനത്ത് സെറ്റ് ചെയ്തിട്ടുള്ളത്. അതിനുവേണ്ടി അടിസ്ഥാന സൗകര്യ വികസനത്തിന് വനിതാ ശിശുവികസനവകുപ്പ് ഉൾപ്പെടെ ഫണ്ട് ചെലവഴിച്ചുകൊണ്ട് പോക്സോ കോടതികൾ ആധുനീക രീതിയിൽ രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും മികച്ച രീതിയിലുള്ള ക്രമസമാധനപാലനമുള്ള സംസ്ഥാനമാണ് കേരളം. അതിൽ ഒരു സംശയവും വേണ്ട. നമ്മൾ ഫാക്ച്വൽ ചെക്ക് നടത്തണം.

ഇതൊടൊപ്പം മത നിരപേക്ഷതയുടെ സംരക്ഷണം ഉറപ്പാക്കാൻ പോലിസിന്റെ ഫലപ്രദമായ ഇടപെടൽമൂലം സാധിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷത്തിൽ സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷങ്ങൾ ഒന്നുമുണ്ടായിട്ടില്ലെന്നുള്ളത് ഞങ്ങൾക്കൊപ്പം നിങ്ങൾക്കും കേരളത്തിനും അഭിമാനിക്കാവുന്ന കാര്യമാണ്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുത്തും പഴുതടച്ച കേസ്സ് അന്വേഷണപ്രക്രിയയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും വഴി ഒരിക്കലും തെളിയില്ലെന്ന് കരുതിയ കേസ്സുകൾ തെളിയിക്കാനായി. സമീപകാലത്ത് നമ്മുടെ മുമ്പിൽ മാന്നാറിലെ കേസ്സുണ്ട്. ആലപ്പുഴ ജില്ലയിലെ മാന്നാറിൽ ദേഹോപദ്രവവുമായി ബന്ധപ്പെട്ട് പോലിസ് രജിസ്റ്റർ ചെയ്ത കേസ്സിൽ അറസ്റ്റിലായ പ്രതിയിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ 15 വർഷം മുമ്പ് കാണാതായ യുവതി കൊല്ലപ്പെട്ടതായി പോലീസിന് വിവരം ലഭിച്ചു. അതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഭർതൃ വീട്ടിൽവച്ച് ഭർത്താവും കൂട്ടാളികളും ചേർന്ന് യുവതിയെ കൊലപ്പെടുത്തിയതായും വിവരം ലഭിച്ചു. എന്നാൽ ഈ യുവതി വർഷങ്ങൾക്കുമുമ്പ് മറ്റൊരാളോടൊപ്പം നാടുവിട്ടുപോയതായാണ് ബന്ധുക്കളെയും

നാട്ടുകാരെയും വിശ്വസിപ്പിച്ചിരുന്നത്. പോലീസിന് ലഭിച്ച വിവരങ്ങളെ തുടർന്ന് കേസ് ഊർജ്ജിതമായി അന്വേഷിച്ചുവരുകയാണ്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പും വനിതാ ശിശുവികസന വകുപ്പും ഒട്ടനേകം പദ്ധതികൾ ഈ കാലഘട്ടത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. വീടിനുള്ളിലും പൊതുയിടങ്ങളിലും സ്ത്രീക്ക് സംരക്ഷണം നൽകുകയെന്നത് കണക്കിലെടുത്തുള്ള പദ്ധതികളാണ് പോലിസ് ആവിഷ്കരിക്കുന്നത്. ഗാർഹീക പീഢനവും സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികളും അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുകയും പരാതികളിൽ ഇരയുടെ ഭാഗത്തുനിന്നുകൊണ്ടുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്ന സമീപനമാണ് പോലീസിനുള്ളത്. സ്ത്രീ സുരക്ഷയ്ക്കായി അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിത സ്വയം പ്രതിരോധ സംഘം, വനിത ബീറ്റ് തുടങ്ങി ഒട്ടനവധി പദ്ധതികളുണ്ട്. അതിൽതന്നെ പിങ്ക് പെട്രോൾ, പിങ്ക് ജനമൈത്രി, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ഉൾപ്പെടുന്നതാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്. കഴിഞ്ഞ ദിവസം ഈ സഭയിൽത്തന്നെ ബഹുമാന്യയായ മുഖ്യമന്ത്രി

ഉത്തരം പറഞ്ഞിരുന്നതാണ്. പോലീസ് സേനയിലെ വനിത സാന്നിധ്യം കൂട്ടുകയാണ്. അത് രണ്ടോ മൂന്നോ ശതമാനത്തിൽനിന്ന് എട്ട് വർഷം കൊണ്ട് ഏകദേശം 15 ശതമാനത്തിലേയ്ക്ക് എത്തുകയാണ്. പോലിസ് സേനയിലെ വനിത സാന്നിധ്യം കൂട്ടുകയെന്നത് സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെൻസിറ്റീവായ ഒരു വലിയ വിഭാഗത്തെ ആ സമൂഹത്തിൽ കൂട്ടതലായുണ്ടാക്കുകയെന്ന ലക്ഷ്യം കൂടികണ്ടുകൊണ്ടാണ് ഇതിന്റെ ഭാഗമായി പ്രത്യേക പരിശീലനം പോലീസ് സേനയിൽ നടക്കുന്നുണ്ട്. സൈബർ ലോകത്തും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്നുണ്ട്. അത്തരം ചതിക്കുഴികളിൽനിന്ന് അവർക്ക് സംരക്ഷണം നൽകുന്നതിനോപ്പം അപകടങ്ങൾ തിരിച്ചറിയുന്നതിനുള്ള ബോധവത്കരണം പ്രവർത്തനങ്ങളും മൊബൈൽ ആപ്പുകളുമൊക്കെത്തന്നെ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. വനിത ശിശുവികസന വകുപ്പിന്റെതായി 14 ജില്ലകളിലും വനിത പ്രട്ടക്ഷൻ ഓഫിസർമാരെ 2005-ലെ നിയമ പ്രകാരം നിയമിച്ചിട്ടുണ്ട്. അതുകൂടതെ 14 ജില്ലകളിലുമായി 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. ഈ വർഷം 11 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ

കൂടുതലായി ആരംഭിക്കാൻ പോകുകയാണ്. ഷെൽറ്റർ ഹോമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതുമാത്രമല്ല സൗജന്യമായി നിയമസഹായം, സൗജന്യമായ താമസ്സം, മറ്റ് കൗൺസിലിംഗ് ഇതെല്ലാം അനുബന്ധമായി ലഭ്യമാക്കുന്നുണ്ട്. ഇരയാകുന്ന ഒരു സ്ത്രീയെയോ പെൺകുഞ്ഞിനെയോ സംബന്ധിച്ചിടത്തോളം എല്ലാ ആദരവുകളും നൽകികൊണ്ട് സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പാക്കിക്കൊണ്ടുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാരും വനിതാ ശിശുവികസന വകുപ്പും സ്വീകരിച്ചിട്ടുണ്ട്. സ്വധർ ഗ്രഹ്, ഉജ്ജ്വല പദ്ധതി, ആഫ്റ്റർ കെയർ ഹോം, 12 ജില്ലകളിലും മഹിളമന്ദിരങ്ങളുണ്ട്, ഫാമിലി കൗൺസിലിംഗ് സെന്ററുകൾ, വനിത സഹായ കേന്ദ്രങ്ങൾ, സഖി വൺ സ്റ്റോപ്പ് സെന്ററിൽ പോലീസ് സഹായമുണ്ട്, സ്ത്രീധനനിരോധന ഓഫീസർ- സ്ത്രീധനത്തിനെതിരെ പുതിയതായി നിയമത്തിൽ അമെന്റ്മെന്റ് വരുത്തിക്കൊണ്ട് വനിത-ശിശു വികസന വകുപ്പ് ഡയറക്ടറാണ് സ്റ്റേറ്റ് പ്രൊട്ടക്ഷൻ ഓഫീസർ, 14 ജില്ലകളിലും ജില്ലാ ഓഫിസർമാരെയും ആ രീതിയിൽ നിയമിച്ചിട്ടുണ്ട്, ഷോർട്ട് സ്റ്റേ ഹോം, ഹെൽപ്പ് ലൈൻ 181, മിത്ര തുടങ്ങി ഒട്ടനവധി പദ്ധതികൾ വനിത-ശിശുവികസന വകുപ്പിന്റേതായി ഇവിടെ

ആവിഷ്കരിച്ചിട്ടുണ്ട്. എനിക്ക് ഒരു കാര്യം മാത്രമെ ഈ സഭയോടെ പറയുവാനുള്ളൂ. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും എതിരെ അതിക്രമം നടത്തുന്നത് ആരാണെങ്കിലും മുഖം നോക്കാതെ നടപടിയെടുക്കാനുള്ള ആർജ്ജവമുണ്ടാകണമെന്നതാണ്. 2023-ൽ പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പിൽ കോട്ടയം കുഞ്ഞച്ചനെ നമ്മൾക്ക് ഓർമ്മയില്ലേ? അയാളുടെ പേര് ഞാൻ ഇവിടെ പറയുന്നില്ല. ഈ സഭ മലീമസമായിപ്പോകും. ഇടതുപക്ഷത്തെ സി.പി.ഐ. (എം.) വനിത നേതാവിനേയും അവരുടെ കുടുംബാംഗങ്ങളെയും അന്തരിച്ച സഖാവ് പി. ബിജുവിന്റെ പത്നിയെ വരെ സോഷ്യൽ മീഡിയയിലൂടെ അതിനീചമായി ആക്രമിച്ചത്, നമുക്ക് ഒരുനോക്കുപോലും കാണാൻ സാധിക്കില്ല. അതിന്റെ ഇരയാണ് ഞാനും. എന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ എന്റെ പോസ്റ്റിനെ അതിനീചമായി കമന്റ് ചെയ്തിട്ടുണ്ട്. അതിന് എന്ത് നടപടി നിങ്ങൾ സ്വീകരിച്ചു. 2023 സെപ്റ്റംബർ മാസത്തിൽ പുതുപ്പള്ളിയിൽ സഖാവ് അമൃതയ്ക്കെതിരെ പോസ്റ്റിട്ടില്ലേ? എന്ത് നടപടിയാണ് സ്വീകരിച്ചത്. 2023 സെപ്റ്റംബറിൽ ഇത് നടന്നെങ്കിൽ അയാളെ 2024-ൽ തിരുവനന്തപുരത്ത് കെ.എസ്.യു.-വിന്റെ ജില്ല സെക്രട്ടറിയായി അവരോധിച്ചു. ഇതാണോ നടപടി;

ഇതാണോ നിലപാട്? നിങ്ങൾ പറയണം. ഈ നാട്ടിലെ വനിതകൾ അഭിമുഖീകരിക്കുന്ന ഈ വിഷയത്തിൽ ഉത്തരവാദിത്വപ്പെട്ട ഒരു പ്രസ്ഥാനത്തിന്റെ നിലപാടിതാണോ? അതുമാത്രമല്ല, ഈ കേസ്സിൽ ഈ വ്യക്തിക്ക് ജാമ്യം എടുത്തുകൊടുത്തത് കോൺഗ്രസ് നേതൃത്വം നേരിട്ട് ചുമതലപ്പെടുത്തിയ അഞ്ച് അഭിഭാഷകരാണ്. നിങ്ങൾക്ക് ഉത്തരമുണ്ടോ? അതിനുശേഷം ആ അഭിഭാഷകൻമാരെ അഭിനന്ദിച്ച് പോസ്റ്റിട്ടത് കോൺഗ്രസിന്റെ ഡിജിറ്റൽ മീഡിയ സെൽ തലവനാണ്. നടപടിയെടുത്ത് പുറത്താക്കിയില്ലെന്ന് മാത്രമല്ല മണ്ഡലം സെക്രട്ടറിയെ ജില്ല സെക്രട്ടറിയായി ഉയർത്തി. ഇതാണോ സ്ത്രീകൾക്കുവേണ്ടിയുള്ള നിങ്ങളുടെ നിലപാട്. കഴിഞ്ഞ തൃക്കാക്കര ഇലക്ഷന് എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയായിരുന്ന ഡോ. ജോ ജോസഫിന്റെ ചിത്രം മോർഫ് ചെയ്ത് കമന്റിട്ടു. അന്നത്തെ പ്രശസ്ത കമന്റ് 'ഇങ്ങനെയുള്ള വീഡിയോ കണ്ടാൽ ആരാണ് ഷെയർ ചെയ്യാതിരിക്കുക' എന്നായിരുന്നു. ആ നിലപാടല്ല ഞങ്ങൾ സ്വീകരിച്ചത്. ഞങ്ങൾ സ്വീകരിച്ച നിലപാടുകൾ വളരെ വ്യക്തമാണ്. ഇടതുപക്ഷ വിദ്യാർത്ഥി സംഘടനയിലുള്ള മുൻനേതാവ് ആ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അയാൾ അറസ്റ്റിലായിട്ടുണ്ട്. മറ്റ്

അന്വേഷണങ്ങൾ അതിന്റെ ഭാഗമായി നടക്കുകയാണ്. ഈ സഭയിലെ സീനിയർ നേതാവായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ സംസാരിച്ച.. ബഹുമാന്യയായ പ്രമേയാവതാരികയുടെ (ആർ.എം.പി.) സീനിയർ നേതാവ് മാപ്പ് പറഞ്ഞില്ലേ; മാപ്പ് പറഞ്ഞതുകൊണ്ട് മാറിയോ? ഞാൻ ഇത് പറയുന്നത് സഭയുടെ പൊതുവായ... (.... ബഹളം....) .... I have to say. I have to speak. I have something to speak.

മി. സ്പീക്കർ: You ask your members keep quiet. അവിടിരിക്കൂ.

ശ്രീമതി വീണാ ജോർജ്: മാപ്പുപറയുകയും തള്ളിപ്പറയുകയും വേണം. മനോഭാവങ്ങളിൽ മാറ്റം വേണം. സ്ത്രീയെ എങ്ങനെയാണ് കാണുന്നത്; സ്ത്രീ എന്നാൽ ശരീരമാണോ? ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചറിനേയും ഈ നാട്ടിലെ പ്രശസ്തയും പ്രതിഭാധനയുമായ ചലചിത്രതാരത്തിനെതിരെയും പറഞ്ഞില്ലേ? എന്താണ് നിങ്ങളുടെ രാഷ്ട്രീയ ബോധ്യം; സ്ത്രീകളേയും കുട്ടികളേയും സംബന്ധിച്ചുള്ള നിലപാട് എന്താണ്? Shobin Thomas Chavanalil എന്ന വ്യക്തിയെ ഓർക്കുന്നുണ്ടോ; യൂത്ത് കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയാണ്. ടി വ്യക്തി എഴുതിയ ഒരു ഫേസ്ബുക്ക് പോസ്റ്റുണ്ട്. ഒരു

വ്യക്തി എന്ന നിലയിൽ ഈ സഭയിൽ അത് വായിക്കാൻ എനിക്ക് വിഷമമുണ്ട്. പക്ഷെ ഞാൻ വായിക്കുകയാണ്. 'തയ്യൽ ടീച്ചറുടെ കഷ്ണം ആർക്കെങ്കിലും കിട്ടിയെങ്കിൽ തരുന്നവർക്ക് സമ്മാനം തരുന്നു.' ഇത്തരമൊരു അഭിപ്രായ പ്രകടനത്തിനുമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്? യൂത്ത് കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറി ഫേസ്ബുക്കിൽ എഴുതിയതാണിത്. തെരഞ്ഞെടുപ്പിന്റെ ഭാഗമായി വടകര പാർലമെന്റ് മണ്ഡലത്തിലെ സോഷ്യൽ മീഡിയ പ്രചരണത്തിൽ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റിനൊപ്പം ചുക്കാൻ പിടിക്കുന്ന ആളാണ് ഷോബിൻ തോമസ്. ഇയാൾക്കെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? ഇതിൽ രണ്ട് വിഷയമുണ്ട്. ഒന്ന്, അത്യന്തം നീചമായ സ്ത്രീ വിരുദ്ധത, രണ്ടാമത്തെ വിഷയം ഒരു സയൻസ് അധ്യാപികയായിരുന്ന ടീച്ചറെ തയ്യൽ ടീച്ചർ എന്ന് നിരന്തരം പറയുകയാണ്. തയ്യൽ ടീച്ചർ മോശമായ തൊഴിലാണോ; അധ്യാപക സമൂഹത്തെ അധിക്ഷേപിക്കുന്ന നിലപാടല്ലേ അവിടെ സ്വീകരിച്ചത്; ഇക്കാര്യത്തിലെ political correctness എന്താണ്; എന്തുകൊണ്ടാണ് അത് തിരുത്തപ്പെടാത്തത്? സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഒരു പൊതുനിലപാട് ഉണ്ടാകണം. അതിൽ സങ്കുചിത രാഷ്ട്രീയ

നിലപാടുകളുണ്ടാകാൻ പാടില്ല. ഒരൊറ്റ നിലപാട് മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. ആര് അതിക്രമം ചെയ്താലും അവർക്കെതിരെ ശക്തമായ നടപടി എടുക്കണമെന്നതാണ് നമ്മുടെ നിലപാട്. അക്കാര്യത്തിൽ മുഖം നോക്കാതെ നടപടിയെടുക്കും. ഇക്കാര്യത്തിൽ നിയമത്തിന്റെ ഏതറ്റംവരെയും പോകാൻ സർക്കാർ തയ്യാറാണ്. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ബാക്കിയുണ്ട്. പക്ഷെ എല്ലാം ഞാൻ വായിക്കുന്നില്ല. (ബഹളം)

മി.സ്പീക്കർ: പ്ലീസ്.. പ്ലീസ്...

ശ്രീമതി വീണാ ജോർജ്: സർ, നിലമ്പൂരിലുള്ള രാധ എന്ന സ്ത്രീയെ നമ്മളെല്ലാവരും മറന്നോ; അതിന് കിലോമീറ്ററുകൾക്കിപ്പുറം തുവ്വൂർ എന്ന സ്ഥലത്തെ  കൃഷി ഭവൻ ജീവനക്കാരിയായിരുന്ന സുജിതയെ മറന്നോ;

മി.സ്പീക്കർ: ദയവായി അങ്ങ് കൺക്ലൂഡ് ചെയ്യണം..

ശ്രീമതി വീണാ ജോർജ്: സർ, അന്ന് സുജിതയുടെ കൊലപാതകവുമായി ബന്ധപ്പെട്ട വിഷയത്തിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയ സംഘത്തിൽ  യൂത്ത് കോൺഗ്രസ്സ് മണ്ഡലം സെക്രട്ടറി വിഷ്ണു എന്ന വ്യക്തിയുമുണ്ടായിരുന്നു. പിന്നീട് വിഷ്ണുവിന്റെ വീട്ടുവളപ്പിൽ നിന്ന് കുഴിച്ചിട്ട

നിലയിൽ സുജിതയുടെ മൃതദേഹം കണ്ടെത്തുകയുണ്ടായി. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വിഷയങ്ങൾ സഭ ഇങ്ങനെയല്ല ചർച്ച ചെയ്യേണ്ടത്. അപ്പുറത്തും ഇപ്പുറത്തും ചേരി തിരിഞ്ഞുള്ള രീതിയല്ല അവലംബിക്കേണ്ടത്. ഇക്കാര്യത്തിൽ എല്ലാവർക്കും ഒരേ നിലപാടായിരിക്കണം ഉണ്ടായിരിക്കേണ്ടത്. ഇതിൽ ഒരുപക്ഷെ ഞാനും പ്രമേയം അവതരിപ്പിച്ച ബഹുമാന്യയായ അംഗവും അതുപോലെ ഈ നാട്ടിലെ ഓരോ സ്ത്രീയും ഓരോ പെൺകുഞ്ഞും ഉണ്ടാകാം. അതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിക്കുമെന്നതിൽ ഒരു തർക്കവുമില്ല. ഇക്കാര്യത്തിൽ സർക്കാർ മുഖം നോക്കാതെതന്നെ നടപടിയെടുക്കും. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ നിയമസഭയുടെ കാലഘട്ടത്തിൽ ഒരു വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിക്കുകയുണ്ടായി. Crime of occurrence എവിടെയാണോ, ടി സ്ഥലം ഏത് സ്റ്റേഷൻ പരിധിയിലാണോ ഉൾപ്പെടുന്നത് അതേ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. അന്ന് സഭയിലെ ബഹുമാനപ്പെട്ട മറ്റംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തിരുന്നു. തുടർന്ന് ചർച്ചയുടെ

ഭാഗമായി നടപടിക്രമങ്ങളിൽ മാറ്റമുണ്ടായി. നിലവിൽ വനിതകൾക്ക് ഏത് പോലീസ് സ്റ്റേഷനിൽ വേണമെങ്കിലും പരാതി കൊടുക്കുന്നതിനുള്ള സാഹചര്യമുണ്ട്. പോലീസിന്റെ നടപടികളിലും അതേ രീതിയിലുള്ള മാറ്റമുണ്ടായിട്ടുണ്ട്. വനിത ബീറ്റ് ഓഫീസേഴ്സ്, വനിതാ പോലീസ് സ്റ്റേഷനുകൾ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ സംവിധാനങ്ങൾ സജീവമാണ്. ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ നിന്ന് പഞ്ചായത്തുകളിൽ ആഴ്ചയിൽ രണ്ട് ദിവസം പോലീസ് സന്ദർശനത്തിനെത്തുന്നുണ്ട്. സ്ത്രീകൾക്കുണ്ടാകുന്ന മാനസികമായ തടസ്സങ്ങൾ, ബുദ്ധിമുട്ടുകൾ എന്നിവയെല്ലാം ഒരുപക്ഷെ ശരിയായ രീതിയിൽ ഒരു പെൺകുട്ടിക്കും വനിതയ്ക്കും മാത്രമേ തിരിച്ചറിയാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള മാനസിക തടസ്സങ്ങളെ അതിജീവിച്ച് മുന്നോട്ടുപോകുന്നതിന് വേണ്ടിയുള്ള സേനയെക്കൂടി സജ്ജീകരിക്കുന്ന രീതിയിലുള്ള ഒരു വലിയ മാറ്റമാണ് ഈ കാലഘട്ടത്തിൽ ഉണ്ടായത്. അതുകൊണ്ട് ആരാണെങ്കിലും അതിൽ മുഖം നോക്കാതെ നടപടിയെടുത്ത് മുന്നോട്ട് പോകണമെന്നാണ് അഭിപ്രായപ്പെടുന്നത്. ഇക്കാര്യത്തിനുവേണ്ടി നമ്മൾ ഒന്നിച്ച് നിൽക്കുകയാണ് ചെയ്യേണ്ടത്. ഇവിടെ സൂചിപ്പിച്ച നാല്

കാര്യങ്ങളിലും കൃത്യമായ നടപടികളെടുത്തിട്ടുണ്ട്. അതിൽ ഉൾപ്പെട്ട ഓരോ വനിതകളുടേയും പെൺകുഞ്ഞുങ്ങളുടേയും വേദന നമ്മുടെ വേദന കൂടിയാണ്. ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും അതിന്റെ ഭാഗമായിട്ടാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ ഈ വിഷയം ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ലെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ ഈ സഭയിൽ അവതരിപ്പിച്ചത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെക്കുറിച്ചാണ്. ഏറ്റവും അവസാനം നടന്ന സംഭവത്തെ ആധാരമാക്കിയാണ് സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഈ

അതിക്രമങ്ങളെക്കുറിച്ച് വിശദീകരിച്ചത്. ക്രൈം റെക്കോർഡ് ബ്യൂറോയുടെ ഡാറ്റ പരിശോധിച്ചാൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായിട്ടുള്ള ആക്രമണങ്ങൾ നാൾക്കുനാൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണെന്ന് വ്യക്തമാകും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്കെല്ലാവർക്കും ഇക്കാര്യത്തിൽ ഒരേ നിലപാടാണ് വേണ്ടത്. അവരെ നമ്മുടെ മക്കളെപ്പോലെയും കുടുംബാംഗങ്ങളെപ്പോലെയും കാണണം. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമത്തിനെതിരെ എല്ലാവരും ഒറ്റക്കെട്ടായി നിലപാട് സ്വീകരിക്കണം. അരൂരിലെ സംഭവത്തെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ വിശദീകരിക്കാം. പത്തൊമ്പത് വയസ്സുകാരിയായ ദളിത് പെൺകുട്ടി പോലീസ് സ്റ്റേഷനിലെത്തി ഒരു പരാതി കൊടുക്കുകയാണ്. ആ പരാതിയിന്മേൽ യാതൊരു തരത്തിലും അന്വേഷണം നടത്തുന്നില്ല. പരാതിക്കാർക്കും കുടുംബത്തിനും ഭീഷണിയുണ്ട്, എതിർ ഭാഗത്തുനിന്ന് ആക്രമണം ഉണ്ടാകും തുടങ്ങിയ മുന്നറിയിപ്പുകൾ ഉണ്ടായിരുന്നു. ഞങ്ങളെ സഹായിക്കണമെന്നും ആക്രമണത്തിൽ നിന്ന് രക്ഷിക്കണമെന്നും അവരുടെ പരാതിയിൽ വ്യക്തമാക്കിയിരുന്നു. എന്നിട്ടും പരാതി കൊടുത്ത് 48

മണിക്കൂറും യാതൊരുവിധ അന്വേഷണവും ആ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. പത്തൊമ്പത് വയസ്സുകാരിയായ ദലിത് പെൺകുട്ടി പോലീസ് സ്റ്റേഷനിൽ ഇത്തരത്തിൽ ഒരു പരാതി നൽകിയപ്പോൾ, അത് അന്വേഷിക്കാൻ തയ്യാറാകാത്ത പോലീസ് സ്റ്റേഷൻ അടച്ചുപൂട്ടണം. എന്തിനാണ് ഇങ്ങനെയൊരു പോലീസ് സ്റ്റേഷൻ; ആരെ സംരക്ഷിക്കാനാണ് നിങ്ങളുടെ പോലീസ്; ഈ പെൺകുട്ടിയെ മകളെപ്പോലെ കാണേണ്ടതല്ലേ; അപ്പോൾത്തന്നെ വണ്ടിയെടുത്ത് പോയി അന്വേഷിക്കേണ്ടതല്ലേ? സമയബന്ധിതമായി പോലീസ് അന്വേഷണം നടത്താതിരുന്നതിനാലാണ് അവിടെ ആക്രമണത്തിന്റെ സാഹചര്യമുണ്ടായത്. അത് സോഷ്യൽ മീഡിയയിലും മാധ്യമങ്ങളിലും വലിയ വാർത്തയായി. എല്ലാം വാർത്തയായി കഴിഞ്ഞപ്പോൾ കേസ് എടുത്തു. അന്വേഷണത്തിന്റെ ഭാഗമായി രണ്ടുപേരെ അറസ്റ്റ് ചെയ്തു. എന്നാൽ പ്രധാന പ്രതിയെ ഇതുവരെയും അറസ്റ്റ് ചെയ്തിട്ടുമില്ല. പ്രധാന പ്രതി സി.പി.ഐ.(എം.) പാർട്ടി പ്രവർത്തകനാണ്. ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചാലും കുഴപ്പമില്ലെന്ന് പാർട്ടി ലോക്കൽ കമ്മിറ്റി പറഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

അക്കാര്യത്തിൽ വളരെ സന്തോഷമുണ്ട്. വലിയ ഭാഗ്യം. അവരുടെ അനുവാദം കിട്ടിയല്ലോ; പാർട്ടിയുടെ പ്രാദേശിക നേതൃത്വം ഇത് പറഞ്ഞിട്ടുണ്ടത്രേ. (ബഹളം)

മി.സ്പീക്കർ: പ്ലീസ്.. പ്ലീസ്.. അംഗങ്ങൾ സീറ്റിലിരിക്കണം.. ദയവായി അങ്ങ് തുടർന്ന് സംസാരിക്കൂ.. യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കാര്യങ്ങളുടെ മറുപടിയാണ് ഞാൻ പറയുന്നത്. ഇക്കാര്യത്തിൽ എന്തുനടപടിയും സ്വീകരിക്കാൻ പാർട്ടിക്കാരുടെ വലിയ അനുവാദമാണ് കിട്ടിയിരിക്കുന്നത്. ഇവിടെ ഒരു കാര്യം ഓർക്കണം, തെരുവിലാണ് ഒരു പെൺകുട്ടി ആക്രമിക്കപ്പെട്ടത്, അവിടെവച്ചാണ് അവരുടെ വസ്ത്രം വലിച്ചുകീറിയത്. ഈ സംഭവത്തിൽ ഞങ്ങൾ ഒരു കാര്യം മാത്രം സൂചിപ്പിക്കാം. പ്രതികളുടെ രാഷ്ട്രീയം നോക്കാതെ ഇരകൾക്ക് നീതി ലഭ്യമാക്കണം. അതാണ് ഈ ചർച്ചയിലൂടെ ഞങ്ങൾ ആവശ്യപ്പെടുന്നത്. Cochin University-യിൽ നടന്ന സംഭവത്തെ എത്ര നിസ്സാരമായാണ് മന്ത്രി അവതരിപ്പിച്ചത്. കേസുമായി ബന്ധപ്പെട്ട് അവിടെ ഒരു കമ്മിറ്റിക്ക് പരാതി നൽകിയിട്ടുണ്ടെന്നും തുടർന്ന് നടപടി

സ്വീകരിക്കുതിന്റെ ഭാഗമായി കേസ് പോലീസിലേയ്ക്ക് കൈമാറി അന്വേഷണം നടത്തിയെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ സംഭവം നടക്കുന്നത് എപ്പോഴാണെന്നറിയാമോ; മാർച്ച് ഒന്നാം തീയതി രാത്രിയിലാണ് കേസിന് ആസ്പദമായ സംഭവം നടക്കുന്നത്. എന്നാൽ കഴിഞ്ഞ ദിവസമാണ് കേസ് എടുത്തത്. Cochin University-യിലെ ടീച്ചേഴ്സ് അസോസിയേഷൻ ഈയടുത്ത ദിവസം സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു പരാതി നൽകിയിട്ടുണ്ട്. അവർ സി.പി.ഐ.(എം.) സംഘടനയാണെന്ന് മനസ്സിലാക്കണം. പരാതിയിൽ അവർ പറഞ്ഞിരിക്കുന്നത്, വിഷയം മാപ്പ് പറയലോടുകൂടി തീർന്നെന്ന് കരുതിയെങ്കിലും പിന്നീട് അത് വീണ്ടും വലിയ വിഷയമായി. ഒരു സംഘം ആളുകൾ ബേബി എന്ന അധ്യാപകന്റെ വീട് അന്വേഷിക്കുന്നുണ്ടായിരുന്നു. ശനിയാഴ്ച രാവിലെ അഞ്ചുമണിക്ക് ഒരു ജീപ്പ് നിറയെ ആളുകൾ ആലുവ ഭാഗത്തുനിന്ന് ക്യാമ്പസിലെത്തി. ആലുവ എസ്.എഫ്.ഐ. ഏരിയ കമ്മിറ്റിയിലെ അംഗങ്ങളാണ് സംഘത്തിൽ ഉണ്ടായിരുന്നതെന്ന് അന്വേഷണത്തിൽ നിന്ന് മനസ്സിലാക്കി. യൂത്ത് വെൽഫയർ ഓഫീസിൽ തള്ളിക്കയറിയ എസ്.എഫ്.ഐ. പ്രവർത്തകർ അടങ്ങിയ ഗുണ്ടാസംഘം ഡോ.

ബേബി എന്ന പ്രതിയെ ക്രൂരമായി ആക്രമിച്ചു. എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിലെത്തിയ ഗുണ്ടാ സംഘവും പ്രശ്നവുമായി ബന്ധപ്പെട്ട പെൺകുട്ടിയും അക്രമത്തിൽ പങ്കാളിയായി. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ എസ്.എഫ്.ഐ.-യെക്കുറിച്ച് ചിലപ്പോൾ മോശമായി പറയാറുണ്ട്. എന്നാൽ ഇപ്പോൾ ഞാൻ നല്ലതേ പറയുകയുള്ളൂ. മാർച്ച് 1-ാം തീയതി സംഭവം നടന്നതിന്റെ പിറ്റേ ദിവസം വെളുപ്പിന് എസ്.എഫ്.ഐ.-ക്കാർ ടി പ്രതിയെ മർദ്ദിക്കുകയുണ്ടായി. ഇത്രയും സംഭവങ്ങൾ ആ ക്യാമ്പസിൽ നടന്നിട്ടും അവിടെ ആരും കേസെടുത്തില്ല. കാരണം ടിയാൻ പാർട്ടിക്കാരനാണ്. ബേബി എന്ന വ്യക്തി സ്റ്റുഡന്റ് വെൽഫയർ ഡയറക്ടറാണ്. കുട്ടികളുടെ ക്ഷേമം അന്വേഷിക്കേണ്ട ഉദ്യോഗസ്ഥനാണ്. കറക്ട് ആളുടെ കൈയ്യിലാണ് ഈ ചുമതല നൽകിയിരിക്കുന്നത്. എന്നിട്ട് നിങ്ങളുടെ സംഘടന കൊടുത്തിരിക്കുന്ന പരാതി എന്താണെന്നറിയാമോ; വ്യാജ പരാതി നൽകിയ പെൺകുട്ടിക്കെതിരെയും ഡോ. ബേബിയെ ആക്രമിച്ച ഗുണ്ടകൾക്കെതിരായും കർശ്ശന നടപടി സ്വീകരിക്കണമെന്നാണ്. നിലപാട് വേണം.. ഇതാണോ നിലപാട്? ഡോ. ബേബി എന്ന വ്യക്തി ക്ലാർക്കിന്റെ മേലെയുള്ള പോസ്റ്റിൽ

അവിടെ ജോലിക്കു കയറി. അതിനുശേഷം സ്റ്റുഡന്റ് വെൽഫയർ ഡയറക്ടർ എന്ന പോസ്റ്റിലേയ്ക്ക് സ്പെഷ്യൽ ഇന്റർവ്യൂവിലൂടെ സ്ഥാനമാറ്റം നേടി. ഒരു അർഹതയുമില്ലാതെ സ്റ്റുഡന്റ് വെൽഫയർ ഡയറക്ടറായി. ഇത് നോൺ ടീച്ചിംഗ് പോസ്റ്റ് ആയതുകൊണ്ട് ടീച്ചിംഗ് പോസ്റ്റാക്കി മാറ്റിത്തരണമെന്ന് ടിയാൻ ആവശ്യപ്പെട്ടു. അതേത്തുടർന്ന് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് അമെന്റ് ചെയ്യുകയുണ്ടായി. നോൺ ടീച്ചിംഗ് പോസ്റ്റിൽ ഉൾപ്പെട്ട ടിയാനെ ടീച്ചിംഗ് പോസ്റ്റിലേയ്ക്ക് സ്ഥാനമാറ്റം നൽകി. കഴിഞ്ഞ 11 വർഷക്കാലത്തെ മുൻകാല പ്രാബല്യത്തോടുകൂടി യു.ജി.സി. ശമ്പളവും അനുവദിച്ചു. ഈ വ്യക്തിയാണ് കേസിലെ പ്രതി. ഇതും ഒരു തരത്തിലുള്ള നിലപാടാണ്. ശ്രീ ശങ്കര കോളേജ്, കാലടിയിൽ എസ്.എഫ്.ഐ. നേതാവ് സഹപാഠികളായ ഇരുപതു പെൺകുട്ടികളുടെ ചിത്രങ്ങൾ അശ്ലീല പേജുകളിൽ പങ്കുവച്ച സംഭവം ഇവിടെ ശ്രീമതി കെ. കെ. രമ പറയുകയുണ്ടായി. അതിൽ ഒരു പെൺകുട്ടിയുടെ ചിത്രം വന്നപ്പോൾ ആ കുട്ടി അന്വേഷിച്ചപ്പോഴാണ് ഇരുപതോളം പെൺകുട്ടികളുടെ ഫോട്ടോകളുണ്ടെന്ന് അറിയുകയും അവർ പോലീസ് സ്റ്റേഷനിൽ പരാതി

നൽകുകയും ചെയ്തു. അങ്കമാലി എം.എൽ.എ. സഭയിൽ ഇരിക്കുന്നുണ്ട്. പരാതി അന്വേഷിക്കണമല്ലോ, അയാൾ പോലീസ് സ്റ്റേഷനിൽ വന്നു, പതിനഞ്ചു മിനിട്ടുപോലും അവനെ അവിടെ ഇരുത്തിയില്ല, വേഗം തന്നെ ജാമ്യത്തിൽ വിടുകയും ചെയ്തു, നിലപാടാണ് അത്. നമ്മുടെ മക്കളെപോലുള്ള പെൺകുട്ടികളുടെ ചിത്രം അശ്ലീല പോസ്റ്റിൽ ഇട്ടവനെ പതിനഞ്ചു മിനിട്ട് പോലും പോലീസ് സ്റ്റേഷനിൽ ഇരുത്താതെ നടപടിക്രമങ്ങൾ വേഗം പൂർത്തിയാക്കി അവന് ജാമ്യം നൽകി. ഇത്രയും വേഗത്തിൽ എം.എൽ.എ.-മാർക്കുപോലും ജാമ്യം ലഭിക്കില്ല? ശ്രീ. റോജി എം. ജോൺ-നെയൊക്കെ അറസ്റ്റ് ചെയ്തപ്പോൾ ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ജാമ്യം ലഭിച്ചോ? പതിനഞ്ചു മിനിട്ടിനകം ജാമ്യം നൽകി, തോളിൽ കയ്യിട്ട് മോൻ പൊയ്ക്കോയെന്നാണ് പോലീസുകാർ പറഞ്ഞത്. അതാണ് നിലപാട്. ഇവിടെ മന്ത്രി ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അതായത് സോഷ്യൽ മീഡിയയിൽ സ്ത്രീകളെ അധിക്ഷേപിച്ച കാര്യം പറഞ്ഞു. (ബഹളം...)

മി. സ്പീക്കർ: അവിടെ ഇരിക്ക്, അവിടെ ഇരിക്ക്, അങ്ങ് സംസാരിച്ചോളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയം അവതരിപ്പിച്ച ശ്രീമതി കെ. കെ. രമയെ അധിക്ഷേപിച്ചതുപോലെ സോഷ്യൽ മീഡിയയിൽ അധിക്ഷേപിക്കപ്പെട്ട വേറെ ഏതെങ്കിലും സ്ത്രീയുണ്ടോ. ശ്രീമതി കെ. കെ. രമയെ അധിക്ഷേപിച്ച് നിങ്ങൾ സോഷ്യൽ മീഡീയ ഹാന്റിലുകളിലിട്ട കാര്യങ്ങൾ എന്റെ കൈയ്യിലുണ്ട്, അത് ഞാൻ വായിക്കുന്നില്ല, വായിക്കാൻ പറ്റില്ല. വായിക്കാൻ കഴിയാത്ത തരത്തിലാണ്, കാണിച്ചുതരാം. നിങ്ങൾ ആ മനുഷ്യനെ അമ്പത്തിയൊന്ന് വെട്ടുവെട്ടി ക്രൂരമായി കൊന്നിട്ടും നിങ്ങളുടെ വാശിത്തീരാതെ ഈ സ്ത്രീയെ ഇപ്പോഴും സമൂഹമാധ്യമങ്ങളിൽ കൊന്നുകൊണ്ടിരിക്കുകയാണ്. അത് നിങ്ങളുടെ നിലപാടാണോ. (ബഹളം) നിങ്ങളുടെ പേരുകൾ വായിച്ചുതരാം ഞാൻ. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ കാര്യം പറഞ്ഞല്ലോ, തെരഞ്ഞെടുപ്പ് കാലത്ത് നിങ്ങളുടെ മുൻ എം.എൽ.എ.-യുടെ ഫേസ്ബുക്ക് പോസ്റ്റിൽ കയറി മകനിട്ട ഒരു പോസ്റ്റുണ്ട്, അത് വായിക്കാൻ പറ്റില്ല, അതൊക്കെ നിലപാടാണ്. ഇനിയൊരു കാര്യം, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തിയേറ്ററിൽവച്ച് ഒരുപെൺകുട്ടി പീഡിപ്പിക്കപ്പെട്ടു. അവിടുത്തെ ജീവനക്കാരനായിരുന്ന

പീഡിപ്പിച്ചത്. അവർ പരാതി കൊടുത്തു. പരാതി കൊടുത്തപ്പോൾ ഈ ജീവനക്കാരൻ അവിടെ ഉണ്ടായിരുന്നുവെന്ന് അവിടുത്തെ ജീവനക്കാരി പോലീസിന് മൊഴിയും കൊടുത്തു. അതിന്റെ പേരിൽ ഒരു പെൺകുട്ടി പീഡിപ്പിക്കപ്പെട്ടപ്പോൾ ... ഇല്ല ഞാൻ വഴങ്ങില്ല...

മി. സ്പീക്കർ: മിനിസ്റ്റർ അല്ലേ, വഴങ്ങുമോ.

ശ്രീ. വി. ഡി. സതീശൻ: സർ, എല്ലാവരും ചേർന്ന് തെളിവ് നൽകിയ സ്ത്രീയെ പീഡിപ്പിക്കുകയായിരുന്നു. പെൺകുട്ടി പീഡിപ്പിക്കപ്പെട്ടുയെന്ന് ബോൾഡായി മൊഴികൊടുത്ത ആ സ്ത്രീയെ മെഡിക്കൽ കോളേജിൽനിന്ന് ഇടുക്കിയിലേയ്ക്ക് സ്ഥലം മാറ്റിയ മന്ത്രിയാണ് ഈ ആരോഗ്യ വകുപ്പുമന്ത്രി (ബഹളം). ഇല്ല ഞാൻ വഴങ്ങില്ല. ഞാൻ തീർക്കട്ടെ (ബഹളം).

മി. സ്പീക്കർ: അങ്ങ് സംസാരിച്ചോളൂ... (ബഹളം) അവിടെ ഇരിക്കു അതിനുശേഷം പറയാം.

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ അറിയണം, കേരള ഹൈക്കോടതി ഇടപ്പെട്ടിട്ടാണ് ആ ജീവനക്കാരിയെ വീണ്ടും മെഡിക്കൽ കോളേജിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കാനുള്ള ഉത്തരവിട്ടത്. ആ ഉത്തരവും വച്ചുകൊണ്ട് ഏഴ്

ദിവസം അവരെ ആ വാതിൽക്കൽ ഇരുത്തിയ ആരോഗ്യ വകുപ്പുമന്ത്രിയാണിത്. ഹൈക്കോടതി ഉത്തരവ്... (ബഹളം) ബഹളം ഉണ്ടാക്കി എന്റെ പ്രസംഗം അവസാനിപ്പിക്കാൻ നോക്കണ്ട.

മി. സ്പീക്കർ: അവിടെ ഇരിക്കു.... അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോവുകയാണ് (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, പന്ത്രണ്ട് ക്രിമിനൽ കേസിൽ, കാപ്പാ കേസിൽ പ്രതിയായ ഒരാളെ മാലയിട്ട് പാർട്ടിയിലേയ്ക്ക് സ്വീകരിച്ച ആരോഗ്യ വകുപ്പുമന്ത്രിയാണ് നിലപാടിനെക്കുറിച്ച് ഞങ്ങളെ പഠിപ്പിക്കുന്നത് (ബഹളം).

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ് ... അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ വാക്കൗട്ട് സ്പീച്ചിന്റെ സമയം... (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം.

മി. സ്പീക്കർ: അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ പ്ലീസ് ... (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, പേടിപ്പിച്ച് കൺക്ലൂഡ് ചെയ്യിപ്പിക്കണ്ട (ബഹളം).

മി. സ്പീക്കർ: പേടിപ്പിക്കുന്നില്ല. (ബഹളം). ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, അവിടെയിരിക്ക് അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോവുകയാണ് (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു മിനിട്ട് (ബഹളം).

മി. സ്പീക്കർ: ഒരു മിനിട്ടുകൊണ്ട് അദ്ദേഹം അവസാനിപ്പിക്കും (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, (ബഹളം) സി.പി.ഐ.(എം) മെമ്പർമാർ അവിടെ ഇരിക്കുന്നുണ്ടല്ലോ. എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന വൈസ് പ്രസിഡന്റിനെ അധിക്ഷേപിക്കുകയും കേട്ടാൽ അറയ്ക്കുന്ന തെറി പറയുകയും ചെയ്ത വ്യക്തിക്ക് നിങ്ങൾ എന്ത് പ്രമോഷൻ കൊടുത്തിട്ടാണ് എസ്.എഫ്.ഐ. സെക്രട്ടറി ആക്കിയത്, അത് നിലപാടാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇവിടെ പരാമർശിച്ച നാലു കേസുകളിൽ പ്രധാനപ്പെട്ട എല്ലാ കേസുകളിലും നിങ്ങളുടെ പാർട്ടിക്കാരും പാർട്ടി ബന്ധുക്കളും പ്രതികളാണ്. അവരെ സംരക്ഷിക്കരുത് (ബഹളം). ഈ പാർട്ടിക്കാരെ ചേർത്തുനിർത്തി (ബഹളം).

മി. സ്പീക്കർ: ഒന്നു മിണ്ടാതിരിക്കൂ.... അങ്ങ് കൺക്ലൂഡ് ചെയ്യണം. (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, (ബഹളം) വണ്ടിപ്പെരിയാറിലെ കോടതി വിധി വായിക്കൂ. ആറുവയസ്സുകാരിയായ പെൺകുട്ടിയെ പീഡിപ്പിച്ച് കെട്ടിത്തൂക്കിയ ഡി.വൈ.എഫ്.ഐ.-ക്കാരനെ (ബഹളം) പോലീസ് സംരക്ഷിച്ചു, പാർട്ടിക്കാർ സംരക്ഷിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായി വർദ്ധിച്ചുവരുന്ന അതിക്രമത്തിൽ നടപടി എടുക്കാത്ത സർക്കാരിന്റെ നീക്കത്തിൽ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ് (ബഹളം).

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് രണ്ടുകാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും അതുകൊണ്ടു എന്നതിന്റെ തെളിവാണ് ഈ രണ്ടുകാര്യങ്ങളും അദ്ദേഹം ഇവിടെ പറഞ്ഞത്. ഈ

സഭയിൽ അതിലൊരു വ്യക്തത വേണം, ചട്ടം 288 പ്രകാരമാണ്. അതിൽ മെഡിക്കൽ കോളേജ് ഐ.സി.യു.-വിൽ പീഡനത്തിന് ഇരയായ ...

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ് ... അങ്ങേയ്ക്ക് അവസരം തന്നതാണ്. കാര്യങ്ങൾ ചുരുക്കി പറയാൻവേണ്ടി അദ്ദേഹം വഴങ്ങിയതാണ്. റൂൾ പറഞ്ഞാൽ എഴുതി തരണം.

ശ്രീമതി വീണാ ജോർജ്: സർ, ഐ.സി.യു-വിൽ പീഡനത്തിന് ഇരയായ യുവതിയെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ... (ബഹളം)

മി. സ്പീക്കർ: പെട്ടെന്ന് അവസാനിപ്പിക്കൂ... (ബഹളം)

ശ്രീമതി വീണാ ജോർജ്: സർ, അതിൽ സർക്കാർ നടപടികൾ സ്വീകരിച്ചു. അതിൽ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കാര്യമുണ്ട്... (ബഹളം)

മി. സ്പീക്കർ: ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, അങ്ങ് സംസാരിക്കൂ... (ബഹളം).

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ക്രൂരമായ കൊലപാതകങ്ങൾ, സൈബർ കുറ്റങ്ങൾ, മദ്യവും മയക്കുമരുന്നും ഇതെല്ലാംകൂടി ആകെ കലുഷിതമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. പ്രസ്തുത വിഷയം സഭ

നിർത്തിവച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ് (ബഹളം).

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ആശങ്കാജനകമായ സാഹചര്യമാണുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. അതീവഗുരുതരമായ ഈ സ്ഥിതിവിശേഷം സഭയിൽ ചർച്ച ചെയ്യണമെന്ന ആവശ്യം ശ്രീമതി കെ. കെ. രമ ഉന്നയിച്ചപ്പോൾ ഗവൺമെന്റ് അക്കാര്യത്തിൽ എടുത്ത നിലപാട് ശരിയല്ല. ഒരേപോലെ സമീപനമെടുക്കണമെന്ന് പറയുകയും എന്നാൽ രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ ശക്തമായി ചേരി തിരിയുകയും ചെയ്യുന്ന നിർഭാഗ്യകരമായ നിലപാടുണ്ടായി. ഈ തെറ്റായ നിലപാട് തിരുത്താൻ തയ്യാറാകണം. പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ തയാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ഇത്രയും ബഹളത്തിന്റെ ആവശ്യമെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മറുപടി പറയുമ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തുന്ന സമീപനം ബഹുമാനപ്പട്ട ചെയർ അനുവദിച്ച് നൽകാൻ പാടില്ല. കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. നിങ്ങൾക്ക് കണക്കുകൾ പരിശോധിക്കാവുന്നതാണ്.

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ്... കൺക്ലൂഡ്

ശ്രീ. അനൂപ് ജേക്കബ്: പോക്സോ കേസുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പോക്സോ കേസുകളിലെ പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും നടപടിയെടുക്കാനും സാധിക്കുന്നുണ്ടോ?. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ആക്രമണം വർദ്ധിച്ചുവരുന്ന അതീവ ഗുരുതരമായ സാഹചര്യമാണ് ഇവിടെ ചൂണ്ടികാട്ടിയത്, അല്ലാതെ രാഷ്ട്രീയമല്ല പറഞ്ഞത്. യഥാർത്ഥമായ കാര്യങ്ങളാണ് പറഞ്ഞത്. രാഷ്ട്രീയമായി നിങ്ങളാണ് അതിനെ കണ്ടത്.

യഥാർത്ഥ കാര്യങ്ങൾ മാത്രമാണ് ഇവിടെ സംസാരിച്ചത്. ഏറ്റവും ഗൗരവമായ ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, ഈ വിഷയം ഗൗരവമായിട്ടാണ് അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ എന്റെ പാർട്ടിയുടെ നേതാവിന്റെ ഭാഗത്തുനിന്നുണ്ടായ, ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഒരു പരാമർശത്തിന് എതിരെ മാപ്പ് പറഞ്ഞിട്ടുണ്ട്. ഞാനും എന്റെ പാർട്ടിക്കുവേണ്ടി മാപ്പ് പറയുകയാണ്. ഇത് ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ഒരു സ്ത്രീക്കെതിരെയും ഉണ്ടാകാൻ പാടില്ലെന്ന നിലപാട് അന്നും ഇന്നും ഒരുപോലെ സ്വീകരിച്ചതാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് പ്രയാസമുണ്ട്. ഞാൻ അതിനെ ഒരിക്കലും ന്യായീകരിച്ചിട്ടില്ല. അന്ന് തന്നെ എതിർത്തിട്ടുണ്ട്. അന്ന് തന്നെ അദ്ദേഹം മാപ്പ് പറഞ്ഞിട്ടുണ്ട്. ഒരു നേതാവിന്റെ ഭാഗത്തുനിന്നും ഇത്തരമൊരു പരാമർശം ഉണ്ടാകരുതെന്ന്

അടിവരയിട്ട് പറയുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം സംബന്ധിച്ച വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ ഒരു കാര്യം വസ്തുതാവിരുദ്ധമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു.-വിൽവച്ച് യുവതിയെ പീഡിപ്പിച്ച വ്യക്തിയെ മണിക്കൂറുകൾക്കുള്ളിൽ ആരോഗ്യ വകുപ്പ് സസ്പെൻഡ് ചെയ്തിരുന്നു. ഇനി സർവ്വീസിലേയ്ക്ക് കടക്കാത്ത നിലയിലുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിൽ മൊഴി നൽകിയ ആൾ അല്ല ഈ പറയുന്ന വ്യക്തി. പല മാധ്യമങ്ങളും പല രീതിയിൽ എഴുതിയപ്പോൾ ഞാൻ നിശബ്ദത പാലിച്ചതാണ്. കാരണം

ഡി.എം.ഇ. നൽകിയ റിപ്പോർട്ടുണ്ട്. ഇര കൂടി ഇതിൽ ഉൾപ്പെട്ടതുകൊണ്ട് ഞാൻ പൂർണ്ണമായി നിശബ്ദത പാലിച്ചു. ആ വ്യക്തി വാർഡിന്റെ ഹെഡ് നഴ്സായിരുന്നു. സംഭവമുണ്ടാകുന്ന രണ്ട് ദിവസവും ഈ പറയുന്ന ഹെഡ് നഴ്സ് അവിടെയുണ്ടായിരുന്നില്ല. രണ്ട് ദിവസത്തിനുശേഷം യുവതി സംരക്ഷിക്കപ്പെട്ട ഇടത്തിന്റെ ചുമതല ഈ ഹെഡ് നഴ്സിനുണ്ടായിരുന്നു. അപ്പോഴാണ് 5 പേർ ഇവർക്ക് മുന്നിലൂടെ പോയി യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ചത്. രണ്ട് പ്രശ്നങ്ങളാണ്. അത് administrative ആണ്. എന്താണ് മാധ്യമങ്ങൾക്ക് ഇത്ര താൽപ്പര്യമെന്ന് ബഹുമാനപ്പെട്ട കോടതി ചോദിച്ചു. അക്കാര്യം മാദ്ധ്യമങ്ങളിൽ വന്നില്ല. സംരക്ഷിക്കേണ്ട യുവതിയെ സംരക്ഷിച്ചില്ലെന്നുള്ളത്, കാരണം സംഭവമുണ്ടാകുന്ന രണ്ട് ദിവസം അവരുണ്ടായിരുന്നില്ല, എന്നാൽ അഞ്ച് പേർ അവരുടെ മുന്നിലൂടെ പോയി സ്വാധീനിക്കുകയും ചെയ്തു. അതിലും പ്രധാനപ്പെട്ട കാര്യം, അഞ്ച് പേർ സ്വാധിനിക്കാൻ ശ്രമിച്ചത് രണ്ട് ദിവസം അവർ റിപ്പോർട്ട് ചെയ്തില്ല. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യേണ്ടത് ഇത് ആവർത്തിക്കാതിരിക്കാൻ വളരെ അനിവാര്യമാണ്. അതുകൊണ്ടാണ് ഇവർ ഉൾപ്പെടെ നാലഞ്ച് പേർക്കെതിരെ നടപടിയെടുത്തത്. ഇത് തീർത്തും

administrative ആയ കാര്യമാണ്. അത് സർക്കാരിന് എതിരെയുള്ള പ്രചരണമായിട്ടെടുത്തു. അത് വളരെ നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതും വസ്തുതാ വിരുദ്ധമാണ് എന്നത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. കാപ്പ ചുമത്തപ്പെട്ട 12 കേസുകളുള്ള വ്യക്തിയെ മാലയിട്ട് സ്വീകരിച്ചുവെന്ന് പറഞ്ഞു. അത് പത്തനംതിട്ട പാർട്ടി ജില്ലാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ആ വ്യക്തി ഇപ്പോൾ കാപ്പ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയല്ല. പൊതുപ്രവർത്തകനെന്ന നിലയിലുള്ള കേസുകളാണ്. സ്ത്രീകൾക്ക് എതിരെയുള്ള കേസുകളിൽ പ്രതികളായ രണ്ട് പേർ സഭയിൽ പ്രതിപക്ഷത്തുണ്ട്. അവർക്കൊപ്പമാണ് ഇറങ്ങിപ്പോയിരിക്കുന്നത്. അതിൽ എന്താണ് പറയാനുള്ളത്? ഈ കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ആലപ്പുഴ ജില്ലയുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാനുണ്ട്. തൈക്കാട്ടുശ്ശേരിയിൽ നടന്ന സംഭവമാണ്. അതിൽ സി.പി.ഐ.(എം)-ന് പങ്കുണ്ടെന്നാണ് പറഞ്ഞത്. അതിൽ പങ്കാളികളായ സൈജു അടക്കം ഒരാളും

സി.പി.ഐ.(എം)-മായി ഒരു ബന്ധവും ഇല്ലെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.